**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6593</u>** **<u>21-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>വടക്കഞ്ചേരി ടോൾ പ്ലാസയിലെ ടോൾ നിരക്ക്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വടക്കഞ്ചേരി ടോൾ പ്ലാസയിലെ ഇരുപത് കിലോ മീറ്റർ പരിധിയിലുള്ള പ്രദേശവാസികൾക്ക് ടോൾ കടന്നുപോകാൻ സൗജന്യ യാത്രയോ സൗജന്യ നിരക്കിലുള്ള യാത്രയോ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ; | (എ) | ചർച്ച ചെയ്യാവുന്നതാണ്. |
| (ബി) | നിലവിൽ എത്ര രൂപയാണ് ഒരു മാസം നാലു ചക്രവാഹനങ്ങൾക്ക് യാത്രാ നിരക്ക് തീരുമാനിച്ചിരിക്കുന്നത്;വ്യക്തമാക്കുമോ; | (ബി) | 16.03.2023 മുതൽ ഒരുമാസം നാലു ചക്ര വാഹനങ്ങൾക്ക് എൻ.എച്ച്.എ.ഐ – തീരുമാനിച്ചിരിക്കുന്ന യാത്രാ നിരക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ടോൾ പ്ലാസയുമായി ബന്ധപ്പെട്ട കരാർ കമ്പനി അനുബന്ധ പ്രവൃത്തികൾ ആയ സർവീസ് റോഡുകൾ, ഡ്രെയിനേജ്,ലൈറ്റുകൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കും; വ്യക്തമാക്കുമോ; | (സി) | പരമാവധി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള ശ്രമം നടത്തുന്നു എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. പൊതുജനങ്ങളെക്കൂടി വിശ്വാസത്തിലെടുത്ത് എതിർപ്പുള്ള സ്ഥലങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | ശരാശരി ഒരു ദിവസം വാഹനങ്ങൾ കടന്ന് പോകുമ്പോൾ എത്ര രൂപയാണ് ലഭിക്കുന്നത്;വിശദമാക്കുമോ? | (ഡി) | ശരാശരി ഒരു ദിവസം വാഹനങ്ങൾ കടന്നു പോകുമ്പോൾ 41.79 ലക്ഷം രൂപയാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ